PETALS of Malankara

The 18th Annual General Meeting (AGM) of Malankara Credit Society commenced with a ceremonial lamp lighting by the Board of Directors at IQ Academy, Thrissur.

178200+ Happy Members

22630+ Depositors

66239+ Loanees

Vol: 58 | Issue: October 2026

MALANKARA CREDIT SOCIETY LTD

LIBERTY THROUGH CO OPERATION

REGD. OFFICE: 4th FLOOR, WEST FORT TOWER, WEST FORT JN.,THRISSUR, KERALA-680004

REG. NO. MSCS/CR/297/2008

MALANKARA MULTI STATE CO-OPERATIVE CREDIT SOCIETY LIMITED
Registered Under
MINISTRY OF CO-OPERATION, GOVT. OF INDIA

www.mmsccs.com | customercare@mmsccs.com | Toll-free: 1800 313 1223

boCHE
812 Km. Run Unique World Record & Guinness Record Holder : World Peace
Social Worker | Sportsman | Businessman | Motivator | Entertainer

Objectives:

TO
- Instil a sense of belonging and involvement
- Appreciate and upload the achievements
- Act as a communication medium
- Increase the professional competence

Corporate Monthly E-Magazine of
Malankara Credit Society

Printed and Published by:
Malankara Credit Society

Editorial Board

Chief Editor
Mr. Jisso Baby
Chairman

Sub Editor
Mrs.Mariyama Pious
Vice Chairperson

Vijay Sebastian
Printo C J
Arjun M Nair
Amalu P S
Sageesh C Gireesh
Visakh T S
Jason Johns

Design & Layout
Adham Antony

GO GREEN INITIATIVE

Our goal is to provide 1 crore tree saplings through the Go Green Initiative

Tree Saplings Distributed So Far 25,376

മലങ്കര ക്രെഡിറ്റ് സൊസൈറ്റിയുടെ 37-ാം ശാഖ

മലങ്കര ക്രെഡിറ്റ് സൊസൈറ്റിയുടെ 37-ാമത് സിഎഫ്സി ഉദ്ഘാടനം പരപ്പനങ്ങാടിയിൽ മുനിസിപ്പാലിറ്റി ചെയർപേഴ്സൺ ശ്രീമതി. സുബൈദ ടീച്ചർ നിർവ്വഹിക്കുന്നു. സൊസൈറ്റി വൈസ് ചെയർപേഴ്സൺ ശ്രീമതി മറിയാമ്മ പയസ്, സിഇഒ ശ്രീ ശിവപ്രകാശ്, വാർഡ് കൗൺസിലർ ശ്രീമതി ബിന്ദു ജയചന്ദ്രൻ, മെർച്ചന്റ് അസ്സോസിയേഷൻ പ്രസിഡന്റ് അഷ്റഫ് കുഞ്ഞാവാസ് എന്നിവർ സമീപം.

ജിസ്റ്റോ ബേബി

MESSAGE

ലോകത്തിലെ ആയിരക്കണക്കിന്, ലക്ഷക്കണക്കിന്, കോടിക്കണക്കിന് ജനങ്ങൾക്ക് ഒരു നന്മയെങ്കിലും ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുക

പ്രിയപ്പെട്ട സൊസൈറ്റി അംഗങ്ങൾക്ക്,

നമ്മുടെ സൊസൈറ്റിയുടെ 18-ാമത് ആനുവൽ ജനറൽ മീറ്റിംഗ് കഴിഞ്ഞ സെപ്റ്റംബർ 22ന് മംഗളോദയം ബിൽഡിംഗിലുള്ള **IQ** അക്കാദമിയിൽ വച്ച് വിജയകരമായി നടത്തപ്പെട്ട വിവരം നിങ്ങളുമായി പങ്കുവെക്കുന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സൊസൈറ്റിയുടെ പ്രവർത്തനങ്ങളിലൂടെ 5.61 കോടി രൂപയുടെ മികച്ച ലാഭം കൈവരിക്കാൻ സാധിച്ചതും, പ്രസ്തുത യോഗത്തിൽ വച്ച് നമ്മുടെ സൊസൈറ്റിയുടെ അർഹരായ എല്ലാ അംഗങ്ങൾക്കും ലാഭവിഹിതം വിതരണം ചെയ്യാൻ സാധിച്ചതും ഏറെ അഭിമാനകരമായ നേട്ടമാണ്. ഈ മഹത്തായ വിജയത്തിന് പിന്തുണയായ നിങ്ങൾ ഓരോരുത്തർക്കും എന്റെ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

സൊസൈറ്റിയുടെ വികസന പ്രയാണത്തിന് കൂടുതൽ കരുത്തേകിക്കൊണ്ട് നമ്മുടെ 37-ാമത് ശാഖ പരപ്പനങ്ങാടിയിൽ പ്രവർത്തനം ആരംഭിച്ചു. പരപ്പനങ്ങാടിയിലെയും പരിസര പ്രദേശങ്ങളിലെയും ജനങ്ങൾക്ക് അനുയോജ്യമായ എല്ലാവിധ നിക്ഷേപ പദ്ധതികളും, വായ്പാ സേവനങ്ങളും ഈ പുതിയ ശാഖയിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. ഏവർക്കും ഏറ്റവും മികച്ചതും സുതാര്യവുമായ സേവനങ്ങൾ നൽകുക എന്നതാണ് ഞങ്ങളുടെ പ്രാഥമിക ലക്ഷ്യം.

സൊസൈറ്റിയുടെ സാമ്പത്തിക സേവനങ്ങൾ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി, കേരളം, തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളിലെ പ്രധാന കേന്ദ്രങ്ങളിൽ പുതിയ ശാഖകൾ തുടങ്ങാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പൂർണ്ണ വിശ്വസ്തതയോടെയുള്ള സാമ്പത്തിക സേവനം കൂടുതൽ ആളുകളിലേക്ക് വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ വികസന പദ്ധതികൾ മുന്നോട്ട് പോകുന്നത്.

സൊസൈറ്റിയുടെ ഇന്നുവരെയുള്ള തുടർച്ചയായ വളർച്ചയ്ക്കും പ്രയാണത്തിനും അടിത്തറ പാകിയത് നമ്മുടെ അംഗങ്ങളുടെ അളവറ്റ പിന്തുണയും അടിയുറച്ച വിശ്വാസവുമാണ്. ഇതുവരെ നിങ്ങൾ നൽകിപ്പോരുന്ന വൻ സഹകരണത്തിന് നന്ദി രേഖപ്പെടുത്തുന്നതിനോടൊപ്പം, വരും ദിവസങ്ങളിൽ നടപ്പിലാക്കുന്ന നവീനമായ വികസന പദ്ധതികളിൽ നിങ്ങളേവരുടെയും സജീവമായ പിന്തുണ പ്രതീക്ഷിക്കുന്നു.

എന്ന് നിങ്ങളുടെ സ്വന്തം,

ചെയർമാൻ

FROM THE DESK OF CEO

Sivaprakash.P

Dear Members,

Malankara 2.0

Growth, Technology, Quality & Customer Experience

“The next phase of growth is not just about becoming bigger. It is about becoming better, faster, stronger and more trusted.”

Malankara is now stepping into an exciting new chapter.
Over the years, we have grown our business, expanded our presence, strengthened our product offerings and, most importantly, built meaningful relationships with our members.
As we look ahead, our ambition has to go beyond simply growing the numbers.
Malankara 2.0 is about building a stronger, more technology-enabled and customer-focused organisation where growth, quality, profitability and service excellence go hand in hand.

Growth with Purpose

Growth will always remain an important part of our journey. We need to continue strengthening our core businesses, improving productivity across every branch and CFC, reaching more customers and exploring new opportunities.
At the same time, the quality of that growth is equally important.
Every business we bring in should create sustainable value. Every location should contribute meaningfully. Every product should support profitability and strengthen our portfolio over the long term.
So our focus is simple: not just more business, but better business.

Technology with Speed

Technology will be a key driver of Malankara 2.0.
But technology should not be limited to the back office. It must become part of the way we source customers, process loans, collect repayments, manage risk and deliver service.
The objective is very clear: make things easier for our customers and smarter for our employees.
As we move forward, our focus will remain on building a Malankara that combines strong growth with discipline, technology with convenience and business performance with trust.

“Our future will not be defined only by how fast we grow, but by how strongly we grow — and by how many members choose to grow with us.”

Grow with Purpose. Transform with Technology. Deliver with Quality. Serve with Trust.

Warm Regards,
Sivaprakash.P
CEO, Malankara Credit Society

അച്ഛനും, പട്ടിയും പിന്നെ ഞാനും...

അച്ഛൻ മരിച്ചപ്പോൾ എനിക്കായി വിൽപ്പത്രമൊന്നും എഴുതി വച്ചിരുന്നില്ല. പക്ഷേ, അദ്ദേഹം എന്നെ ഒരു വലിയ ഊരാക്കുടുക്കിൽ കുടുക്കിയാണ് ഈ ലോകം വിട്ടുപോയത്. കുടുക്ക് എന്ന് പറഞ്ഞാൽ പോരാ. ഏതാണ്ട് ഒരൊന്നൊന്നര കുടുക്ക്. അതും ടോമിയെന്ന ഒരു തെരുവ് നായയുടെ രൂപത്തിൽ. അച്ഛൻ വളർത്തിയതല്ല, വഴിയിൽ നിന്നും രക്ഷിച്ചെടുത്തതാണ്. അവനാണെങ്കിൽ നനഞ്ഞ ചാക്കിന്റെ ഗന്ധമായിരുന്നു, ചാരനിറമുള്ള കണ്ണുകളും. എന്നെക്കണ്ടപ്പോൾ അവന്റെ നോട്ടം അലക്ഷ്യമായി. ഏതോ അപരിചിതൻ എന്നവൻ കരുതിക്കാണും. അച്ഛന്റെ മരണം അവനെയും മൂകനാക്കി.

ഞാൻ ഇപ്പോൾ നിൽക്കുന്നത് കോട്ടയം ജില്ലയിലെ കഞ്ഞിക്കുഴി എന്ന ഗ്രാമത്തിലെ ഒരു പഴയ തറവാട്ട് വീട്ടിന്റെ മുന്നിലാണ്. ചുറ്റും ചുവന്ന മണ്ണും, പായലുപിടിച്ച ചുമരുകളും, അന്യാധീനമായി കിടക്കുന്ന പരിസരവും.

സോറി, എന്നെ പരിചയപ്പെടുത്താൻ ഞാൻ മറന്നു. എന്റെ പേര് അരുൺ. മുപ്പത്തിരണ്ട് വയസ്സ് പ്രായം. ബംഗളൂരുവിലെ ഒരു വൻ ഐടി കമ്പനിയിൽ സീനിയർ ആർകിടെക്റ്റായി ജോലി ചെയ്യുന്നു. അവിടെ എന്റെ ലോകം കോഡുകളും, ഡാറ്റകളും, ഡെഡ്‌ലൈനുകളും മാത്രം.

എന്റെ അച്ഛൻ ദിവാകരൻ ഇവിടെ അറിയപ്പെടുന്ന ഒരു സിവിൽ കോൺട്രാക്ടറായിരുന്നു. എന്നിരുന്നാലും ലളിത ജീവിതം നയിച്ചിരുന്ന ഒരു സാധാരണ മനുഷ്യൻ. കാർമേഘം എന്ന് കേട്ടാൽ മഴ പെയ്തു ജോലിക്ക് തടസ്സമാകും എന്നുമാത്രമറിയുന്ന ഒരു ഗ്രാമീണ മനുഷ്യൻ. കഴിഞ്ഞ ദിവസം പുലർച്ചെ അച്ഛന്റെ തലച്ചോറിലെ ഒരു രക്തക്കുഴൽ പൊട്ടി. അച്ഛൻ അങ്ങനെ പോയി. അദ്ദേഹം എനിക്ക് വിട്ടുപോയത്, ഈ പഴയ ഓടിട്ട വീടും പറമ്പും, നിറം മങ്ങിയ 95 മോഡൽ മഹീന്ദ്ര ജീപ്പും, പിന്നെ ഈ ടോമിയെന്ന നായയേയുമാണ്.

ശവസംസ്കാര ചടങ്ങുകൾ കഴിഞ്ഞു രണ്ടു ദിവസത്തിനകം ബംഗളൂരുവിലേക്ക് മടങ്ങാനായിരുന്നു എന്റെ തീരുമാനം. അതിനുമുമ്പ് വീട് വിൽക്കാൻ ഏർപ്പാട് ചെയ്യണം, ജീപ്പ് ഏതെങ്കിലും ആക്രിക്കാരോട് എടുത്തുകൊണ്ടു പോകാൻ പറയണം, ടോമിയെ ആർക്കെങ്കിലും കൊടുത്ത് ഒഴിവാക്കണം. അല്ലെങ്കിലും ബംഗളൂരുവിലെ ഫ്ളാറ്റിൽ നായകൾക്ക് അനുവാദമില്ല. സത്യത്തിൽ, സ്നേഹം ആവശ്യപ്പെടുന്ന ഒന്നിനും എന്റെ ജീവിതത്തിലും ഇടമില്ലായിരുന്നു. അച്ഛന്റെ പഴയ സാധനങ്ങൾ അടുക്കിപ്പെറുക്കന്നതിന്റെ ഇടയിലാണ് ആ പഴയ ഒരു മരപ്പെട്ടി എന്റെ ശ്രദ്ധയിൽ പെട്ടത്. അതിന്റെ മുകളിൽ കറുത്ത മാർക്കറിൽ എന്തോ എഴുതിയിരിക്കുന്നു. ഞാൻ സൂക്ഷിച്ചു നോക്കി. ' ടോമിക്കുള്ള നിർദ്ദേശങ്ങൾ ' എന്നാണ് അതിൽ എഴുതിയിരുന്നത്.

ഒരു ചെറുചിരിയോടെ ഞാൻ ആ പെട്ടി തുറന്നു. അകത്ത് നമ്പറിട്ട കുറെ കത്തുകൾ. എനിക്ക് ആകാംഷയായി. ഞാൻ ആദ്യ കത്ത് തുറന്നു. അതിൽ ഇങ്ങനെ എഴുതിയിരുന്നു. " മോനെ അരുൺ, നീ ഈ വീട് വിൽക്കാൻ ബ്രോക്കറെ വിളിക്കുന്നതിന് മുൻപ് ഇത് വായിക്കണം."

കത്തോടൊപ്പം അഞ്ഞൂറ് രൂപയുടെ ഒരു നോട്ടുമുണ്ട്. കൂടാതെ ടോമി ചെറുതായിരുന്നപ്പോൾ അച്ഛന്റെ ചെരുപ്പിനുള്ളിൽ ചുരുണ്ടുകിടക്കുന്ന ഒരു പഴയ ഫോട്ടോയും. ഞാൻ കത്തിലെ വരികൾ വായിക്കാൻ തുടങ്ങി. പ്രിയ മോനെ അരുൺ, നീ ബംഗളൂരു യാത്ര ഒരാഴ്ച മാറ്റിവെക്കൂ. എന്നിട്ട് നമ്മുടെ ജീപ്പ് എടുത്ത് ടോമിയെ അതിൽ കയറ്റി നാളെ തൊടുപുഴയ്ക്ക് പോകണം.

ടോമിയെ മുന്നിൽത്തന്നെ ഇരുത്തണം. വഴിയിൽ മഴ പെയ്താലും ജനൽ തുറന്നു തന്നെ വയ്ക്കണം. അവന് യാത്രയിൽ മഴ വലിയ ഇഷ്ടമാണ്. രാവിലെ ആറരക്ക് തൊടുപുഴയിലെ ശ്രീലക്ഷ്മി ടീ സ്റ്റാളിൽ ചെല്ലണം. അവിടെച്ചെന്ന് രണ്ട് പ്ലേറ്റ് പൊറോട്ടയും ബീഫ് കറിയും ഓർഡർ ചെയ്യണം. ഒന്ന് നിനക്കും, ഒന്ന് ടോമിക്കുമാണ്. യാത്രയിൽ നീ ഫോൺ ഡാഷ്ബോർഡിൽ വെക്കരുത്. സത്യത്തിൽ അത് പോക്കറ്റിൽ നിന്നുപോലും പുറത്തെടുക്കരുത്. വെറുതെ വണ്ടിയോടിക്കൂ, വഴിയോര കാഴ്ചകൾ കാണൂ, വഴിയിൽ നടന്നുപോകുന്ന ആളുകളെ നോക്കൂ.

ഈ കത്തിനോടൊപ്പമുള്ള അഞ്ഞൂറ് രൂപ ആ കടയിൽ പാചകം ചെയ്യുന്ന ശാന്ത ചേച്ചിക്കുള്ളതാണ്. അത് അവർക്ക് കൊടുത്തിട്ട് നീ സ്വയം പരിചയപ്പെടുത്തണം. അവർക്ക് വലിയ സന്തോഷമാകും. ഞാൻ കത്ത് മടക്കി വാതിലിനടുത്തു കിടക്കുന്ന ടോമിയെ നോക്കി. അവൻ എന്നെ നോക്കി ഒരു ദീർഘശ്വാസം വിട്ടു. അതിന് എന്റെ ഉള്ളിലെ ക്ഷീണത്തിന്റെ ശബ്ദമുണ്ടായിരുന്നു. ഞാൻ മനസ്സിലുറച്ചു "ഒരാഴ്ച," അതിലപ്പുറം നാട്ടിൽ നിൽക്കാനാവില്ല.

തൊടുപുഴയിലെ ടീ സ്റ്റാളിൽ എനിക്ക് എന്റെ ശരീരം തന്നെ അന്യമായി തോന്നി. അത്രയ്ക്ക് വൃത്തിഹീനമാമായിരുന്നു അതിന്റെ ഉൾവശവും അതിലെ ജീവനക്കാരും. ബംഗളൂരുവിൽ കഫേ കോഫി ഡേയിലും, സ്റ്റാർബക്സിലും മാത്രം കോഫി കുടിച്ചിരുന്ന ഞാനിന്ന് മൂന്ന് രൂപ വിലയുള്ള ചായ കുടിക്കുന്നു. അതും വൃത്തിഹീനമായ ഗ്ലാസ്സിൽ. പക്ഷേ, എന്തുകൊണ്ടോ നീണ്ട പത്തുവർഷത്തിന് ശേഷം ആദ്യമായി എന്റെ തലയിൽ നിശ്ശബ്ദ അനുഭവപ്പെട്ടു. നഗരത്തിന്റെ ആരവങ്ങളിൽ നിന്നും നാട്ടിൻപുറത്തിന്റെ ശാന്തതയിലേയ്ക്ക് വഴുതി വീണപോലെ.

ഇപ്പോൾ ഒരാഴ്ച കഴിഞ്ഞിരിക്കുന്നു.

ഞാൻ ഇനിയും മടങ്ങി പോയിട്ടില്ല. കഴിഞ്ഞ ഒരാഴ്ച കൊണ്ട്, "ടോമിക്കുള്ള നിർദ്ദേശങ്ങൾ" ഏതാണ്ട് എനിക്കുള്ള നിർദ്ദേശങ്ങളാണോ എന്നുപോല തോന്നി തുടങ്ങിയിരുന്നു. ഞാൻ കത്തുകൾ ക്രമനമ്പർ തെറ്റിക്കാതെ ഒന്നൊന്നായി വായിച്ചും അതിൽ പറഞ്ഞിരിക്കുന്ന പ്രകാരം കാര്യങ്ങൾ ചെയ്തും പോന്നു. ഇന്ന് ഒൻപതാമത്തെ കത്താണ് പൊട്ടിച്ചു വായിച്ചത്. അതിൽ കോട്ടയം ലൈബ്രറിയ്ക്ക് പുറകിലെ പാർക്കിൽ നീ പോകണം എന്നെഴുതിയിരിക്കുന്നു. അവിടെ എല്ലാ ബുധനാഴ്ചയും കൃത്യം ഒൻപതിന് വടക്കേ വരാന്തയോട് ചേർന്നുള്ള ബെഞ്ചിൽ ഇരിക്കുന്ന ദേവയാനിയെ നീ കാണണം. അവൾ നിന്റെ നാലാം ക്ലാസ്സിലെ ടീച്ചറാണ്. അവളുടെ ഭർത്താവ് കേശവൻ മാസ്റ്റർ മരിച്ചിട്ട് എട്ട് വർഷമായി. നീ സ്വയം പരിചയപ്പെടുത്തി അവളോട് സംസാരിക്കണം. അവൾ ആരോടും ഇപ്പോൾ അധികം സംസാരിക്കാറില്ല

ഞാൻ വണ്ടിയെടുത്തു കോട്ടയത്തെ ലൈബ്രറിയിലേയ്ക്ക് പോയി. പറഞ്ഞതുപോലെ ദേവയാനി ടീച്ചർ അവിടെയുണ്ട്. ഞങ്ങൾ പരിചയപ്പെട്ടു, അവർക്ക് എന്നെ കണ്ടപ്പോൾ വലിയ സന്തോഷമായി. വർഷങ്ങളായി അവർ ആരോടും ഇത്രയും ഹൃദയം തുറന്ന് സംസാരിക്കുകയും ചിരിക്കുകയും ചെയ്തിട്ടില്ല എന്നവർ പറഞ്ഞു. ടീച്ചർക്ക് എന്റെ അച്ഛനോട് വലിയ കടപ്പാട് ഉണ്ടത്രേ. കേശവൻ മാസ്റ്റർ കിടപ്പിലായപ്പോൾ ചോർന്നൊലിച്ചിരുന്ന ടീച്ചറിന്റെ വീടിന്റെ മേൽക്കൂര അച്ഛൻ സൗജന്യമായി പുതുക്കി പണിതുകൊടുത്തിരുന്നത്രെ.

അത് കേട്ടപ്പോൾ എനിക്കും വലിയ സന്തോഷമായി. അവർ ടോമിയുടെ തലയിൽ സ്നേഹാർദ്രമായി തടവിക്കൊണ്ടിരുന്നു. അവരുടെ കണ്ണുകൾ ഈറനണിയുന്നത് ഞാൻ കണ്ടതായി ഭാവിച്ചില്ല. അന്ന് ഞാൻ തിരിച്ചറിഞ്ഞു, ഈ ഒറ്റപ്പെടൽ എന്നത് നമ്മുടെ കുറവല്ല, മറിച്ചു അറിയപ്പെടാതെ പോകുന്നതാണ്.

ദിവസങ്ങൾ കടന്നുപോയി. ഇന്ന് കത്ത് നമ്പർ ഇരുപത്തിനാലാണ് തുറന്നു വായിച്ചത്. അതിൽ കുറിച്ചിരിക്കുന്നത് പുതിയ ബൈപാസ് പാലത്തിന് താഴെ പോകണമെന്നാണ്. അവിടെ നീല പ്ലാസ്റ്റിക് ഷീറ്റ് വലിച്ചുകെട്ടിയ ഒരു കൂരയുണ്ട്. അവിടെ കാർഗിൽ യുദ്ധത്തിൽ കാലുകൾ നഷ്ടപ്പെട്ട രാജു എന്നൊരു മുൻ സൈനികനുണ്ട്. അയാൾക്കും ടോമിയെ വളരെ ഇഷ്ടമാണ്. അയാൾക്ക് വിശന്നാലും അയാൾ ടോമിക്ക് ഭക്ഷണം നൽകും. ഈ കത്തിനോടൊപ്പമുള്ള 2000 രൂപ അയാൾക്ക് കൊടുക്കണം. അയാൾ രാജ്യത്തിനു ചെയ്ത വലിയ സേവനങ്ങൾക്കുള്ള നമ്മുടെ എളിയ സംഭാവനയാണെന്നും അയാളോട് പറയണം. യാത്ര പറയുമ്പോൾ അയാളുടെ കണ്ണിൽ നോക്കി ഒരു സല്യൂട്ട് ചെയ്യാനും നീ മറക്കരുത്. അയാളും നമ്മളെപ്പോലെ ഒരു മനുഷ്യനാണ്. എന്റെ കണ്ണുകൾ ഞാൻ അറിയാതെ നിറഞ്ഞു.

എന്റെ ലോകം ബംഗളൂരുവിലെ ഫ്ളാറ്റും ഓഫീസും മാത്രമായി ചുരുങ്ങിയിരുന്നു. ഇപ്പോൾ എനിക്ക് സംസാരിക്കാൻ കഴിയുന്നില്ല. വാക്കുകൾ തൊണ്ടയിൽ തടയുന്നതുപോലെ. കാലങ്ങൾക്ക് ശേഷം അന്ന് ഞാൻ ഉറക്കെ കരഞ്ഞു. ആ കരച്ചിലിനുപോലും എന്റെ പരുപരുത്ത ശബ്ദത്തിന്റെ അപശ്രുതിയായിരുന്നു. ബംഗളൂരുവിൽ കഴിഞ്ഞ പത്ത് വർഷമായി ഞാൻ ലോകത്തെ ബന്ധിപ്പിക്കുന്ന ഉപകരണങ്ങൾ നിർമ്മിക്കുന്ന തിരക്കിലായിരുന്നു. പക്ഷേ, എന്റെ അച്ഛൻ ഈ നാട്ടിൻപുറത്തുകാരായ മനുഷ്യരെ ബന്ധിപ്പിക്കുന്ന ജീവിതമാണ് ജീവിച്ചിരുന്നത്. ഇപ്പോൾ ഞാൻ വന്നിട്ട് ഒരു വർഷം കഴിഞ്ഞിരിക്കുന്നു. പെട്ടിയിൽ ഇനിയും കത്തുകൾ അവശേഷിച്ചിരുന്നില്ല, ഉണ്ടായിരുന്നതോ ഒരു പെൻഡ്രൈവ്.

സ്ക്രീനിൽ അച്ഛൻ..

അച്ഛൻ പറഞ്ഞുതുടങ്ങി, മകനേ അരുൺ, ഈ കത്തുകൾ ഒന്നും ടോമിക്ക് വേണ്ടിയായിരുന്നില്ല, മറിച്ച് നിന്നെ നിന്നിൽ നിന്ന് വീണ്ടെടുക്കാനായിരുന്നു. നീ ബുദ്ധിമാനാണ്. പക്ഷേ, കുറച്ചുനാളായി നീ ഭാവിയിലാണ് ജീവിക്കുന്നത്. ജീവിതം എന്നത് ഇപ്പോൾ ഇവിടെ ഇങ്ങനെയാണ്. അത് ഈ മണ്ണിലും, ഈ മനുഷ്യരിലും, അവരുടെ സഹജമായ ഈ അലസതയിലുമാണ്. ഇവിടെ ടോമിയല്ല രക്ഷിക്കപ്പെടേണ്ടവൻ, അത് നീ തന്നെ ആയിരുന്നു. ഇത്രയും പറഞ്ഞു അച്ഛൻ സ്ക്രീനിൽ നിന്നും മാഞ്ഞുപോയി.

ഇന്നും ഞാൻ ആ വീട് വിറ്റില്ല. ജീപ്പ് ഇപ്പോഴും എന്നോടൊപ്പമുണ്ട്. ജോലിയെ ഞാൻ വർക്ക് ഫ്രം ഹോമാക്കി. ഇപ്പോൾ എന്നും ഞാനും ടോമിയും വൈകിട്ട് നടക്കാൻ പോകും. ഇടയ്ക്കെല്ലാം ദേവയാനി ടീച്ചറുടെ ക്ഷേമം അന്വേഷിക്കാൻ പോകും. രാജുവിന് കൃത്യമായി പലചരക്ക് സാധനങ്ങൾ വാങ്ങി കൊടുക്കും. തൊടുപുഴയ്ക്ക് പോകുമ്പോൾ ഒക്കെ ശ്രീലക്ഷ്മി ടീ സ്റ്റാളിൽ കയറി ചായ കുടിച്ചും ശാന്തേച്ചിയുടെ ക്ഷേമവും അന്വേഷിക്കും. ഇപ്പോൾ, ആളുകൾ ടോമിയോട് മാത്രമല്ല, എന്നോടും കൈവീശി തുടങ്ങിയിരിക്കുന്നു. ചിലരൊക്കെ അരുൺ എന്ന് എന്റെ പേരെടുത്തു വിളിക്കാറുമുണ്ട്.

ഇക്കാലമത്രയും വിജയം ഉയരങ്ങളാണെന്ന് ഞാൻ തെറ്റിദ്ധരിച്ചിരുന്നു. പക്ഷേ, എന്റെ അച്ഛനും ഒരു തെരുവ് നായയും എന്നെ ജീവിതത്തിന്റെ വലിയ പാഠങ്ങൾ പഠിപ്പിച്ചു. ജീവിതം ഉയരമല്ല, മറിച്ച് അത് എത്തിച്ചേരലാണ്. നാം ആരെയെല്ലാം സ്പർശിച്ചു, ആരോടൊപ്പമെല്ലാം നടന്നു എന്നതാണ് കാര്യം. അതാണ് ജീവിതം. ദുഃഖം എന്നത് പോകാൻ ഇടമില്ലാത്ത സ്നേഹമാണ്. അതിനെ നടക്കാൻ അനുവദിക്കൂ. വഴിയിൽ നിങ്ങൾ നിങ്ങളെത്തന്നെ കണ്ടെത്തും..

AADARSH R MENON
S/o M G Raghu
Thrissur

പാചക രംഗം

വെണ്ടയ്ക്ക മെഴുക്കുപുരട്ടി

MARIYAMA PIOUS
Vice Chairperson

ആവശ്യമുള്ള സാധനങ്ങൾ

വെണ്ടയ്ക്ക: 1/2 KG
വെളുത്തുള്ളി: 1 തുടം
ചുവന്നുള്ളി: 3 എണ്ണം (വലുത്)
വെളിച്ചെണ്ണ: ആവശ്യത്തിന്
തക്കാളി: 2 എണ്ണം (ഇടത്തരം)
ക്രഷ്ഡ് മുളക്: 1 1/2 ടേബിൾസ്പൂൺ
ഉപ്പ്: പാകത്തിന്
കറിവേപ്പില: 2 തണ്ട്

തയ്യാറാക്കുന്ന വിധം

വെണ്ടയ്ക്ക കഴുകി വൃത്തിയാക്കി വെള്ളം വാലൻ വെക്കുക. 15 മിനിറ്റിനു ശേഷം ചെറുതായി അരിയുക. തക്കാളി ചെറുതായി അരിഞ്ഞു വയ്ക്കുക. ചീനച്ചട്ടിയോ നോൺസ്റ്റിക്ക് പാത്രമോ സ്റ്റൗവിൽ വച്ച് ചൂടാവുമ്പോൾ വെളിച്ചെണ്ണ ഒഴിക്കുക. എണ്ണ ചൂടാകുമ്പോൾ വെളുത്തുള്ളിയും ചുവന്നുള്ളിയും ചതച്ചത് ഇട്ട് മൂപ്പിക്കുക.

ഇവ മൂത്തു വരുമ്പോൾ തക്കാളി ചേർത്ത് വഴറ്റുക. അതിലേക്ക് ക്രഷ്ഡ് മുളക് ചേർത്ത്, പാകത്തിന് ഉപ്പും ചേർത്ത് മൂത്തു വരുമ്പോൾ വെണ്ടയ്ക്ക ചേർക്കുക. നന്നായി യോജിപ്പിച്ച് തീ കുറച്ച് (സിമ്മിൽ) ഇട്ട് വേവിച്ചെടുക്കുക. അടച്ചു വയ്ക്കരുത്; ഇടയ്ക്കിടെ ഇളക്കി കൊടുക്കണം. രുചികരമായ വെണ്ടയ്ക്ക മെഴുക്കുപുരട്ടി തയ്യാർ!

Congratulations

THRISSUR

Chairman's Ever Rolling Trophy
Best Branch for the Month of September 2026

Induction Training Programme for New Employees

Induction Training : 14 & 15/09/2026

Bottom Left to Right : 1) Jithin Venu 2) Jothiprakash Shanmugam 3) Arun M V 4)J Vinoth Kumar 5) Shani S 6)Lasinath S 7)Afinda P J
Middle Left to Right : 1) Visakh T S 2) Jithu J 3) Ananthakrishnan S P 4)Prajeesh P 5) Nishakumary 6) Hima K G 7) Nimisha K P 8) Priyanka K 9) Sushitha T S 10) Swathy Sudhan
Top Left to Right : 1) Ajaykrishna B 2) Athul Babu 3) Malavika K J 4)Aneesh N 5) Sandhya K M 6) Akhilesh V S 7) Vishnupriya C 8) Sreethu B Anil 9) Ashmin Tony 10) Megha T U

ആശംസകൾ

മലങ്കര ക്രെഡിറ്റ് സൊസൈറ്റി അങ്കമാലി സിഎഫ്സിയിലെ മെമ്പറായ ശ്രീമതി.ജിനിയുടെ മകന്റെ വിവാഹത്തിന് സൊസൈറ്റിയുടെ മംഗളാശംസകൾ

മലങ്കര ക്രെഡിറ്റ് സൊസൈറ്റി നിലമ്പൂർ സിഎഫ്സിയിലെ മെമ്പറായ ശ്രീമതി.ഷിഫാനയുടെ മകളുടെ പിറന്നാളിന് സൊസൈറ്റിയുടെ ആശംസകൾ

RION RONISH
S/o Jincy
Thrissur

EMY K VIJEESH
D/o Vijeesh EP
Ottapalam

JANVI ANISH
D/o Suchithra K G
Thodupuzha

VISHNUJITH
Cheruvathani

Creative Expressions by Malankara family

KRISHNA J SURESH
D/o Jayalakshmi
Trivandrum

AADHIKRISHNA
S/o Arun T
Trivandrum

AKHIL K G
S/o Livi
Karumathra

VYGHA UNNIKRISHNAN
D/o Lakshmi
Thrissur



HAPPY

Birthday

MALANKARA STAFFS

Vinesh P
Manjery

Jishnulal T J
Kottayam

Unnikrishnan V M
Cherthala

Amaldev S
Kottayam

Solja P B
Registered Office

Keerthana K S
North Paravur

Jithin Venu
North Paravur

Malavika K J
Registered Office

Sanu Thomas
Registered Office

Anandhu A S
Balaramapuram

R Gokulprasad
Sathyamangalam

Nehal V Bahuleyan
Registered Office

Hisham Latheef
Thodupuzha

Sanu P K
Registered Office

Abhinav A
Ottapalam

Anjali K
Ottapalam

S Nancy Fathima
Coonoor

Priyanka K
Parappanangadi

Shyamkumar S
Kottayam

Varsha C P
Nilambur

Krishnendu N S
Nilambur

ELEPHANTA CAVES - MUMBAI

മുംബൈയിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പ്രധാനപ്പെട്ട ഒരിടമാണ് Elephanta Caves. അത് സ്ഥിതി ചെയ്യുന്നത് മുംബൈയിൽ നിന്ന് ഏതാണ്ട് 10 കിലോ മീറ്റർ ദൂരത്തുള്ള Elephanta Islandൽ ആണ്. ഇത് UNESCO WORLD HERITAGE SITE ൽ പെട്ട ഒരിടമാണ്.

മുംബൈയിൽ ആദ്യമായി എത്തിയാ നാളുകളിലാണ് Elephanta Caves കാണാനിറങ്ങിത്തിരിച്ചത്. Gate way of India ൽ നിന്ന് ബോട്ടിൽ എതാണ്ട് ഒരു മണിക്കൂർ സഞ്ചരിച്ചാണ് Elephanta Cavesൽ എത്തിയത്. പോകുന്ന വഴിയിൽ സമുദ്രത്തിലെ Mumbai High oil fieldലെ ഉപേക്ഷിക്കപ്പെട്ട ഒരു ഡ്രില്ലിങ് സ്റ്റേഷൻ കാണുവാൻ സാധിച്ചു.

Elephanta Cavesൽ ആദ്യമായി കാണാൻ സാധിച്ചത് വാനരന്മാരുടെ ഒരു കൂട്ടത്തെയാണ്. ക്യൂവിൽ നിന്ന് ടിക്കറ്റ് എടുത്തപ്പോൾ കൈയ്യിലിരുന്ന Soft drinksന്റെ ബോട്ടിൽ വാനരൻ തട്ടി കൊണ്ട് പോയത് രസകരമായ ഒരു സംഭവമായിരുന്നു.

Elephanta Caves നിർമ്മിച്ചത് ഏതാണ്ട് 5, 6 നൂറ്റാണ്ടുകളിൽ പശ്ചിമഘട്ടത്തിലെ പാറകൾ തുരന്നായിരുന്നു. Elephanta Caves എന്ന പേര് ഇടുന്നതിന് കാരണം അവിടെ ഒരു ആനയുടെ പ്രതിമയുണ്ടായിരുന്നു. പേരിട്ടതാകട്ടെ 17-18 നൂറ്റാണ്ടുകളിൽ പോർച്ചുഗീസ് സേനകളാണ്. പിന്നീട് ആനയുടെ പ്രതിമയെ ബ്രിട്ടീഷുകാരും ഗുഹയിലെ പ്രതിമകളെ ഭാഗികമായി പോർച്ചുഗീസുകാരും തകർത്തുകളഞ്ഞിരുന്നു.

Elephanta Caves ഏതാണ്ട് 7 ഗുഹകളുടെ ഒരു സമുച്ചയമാണ്. ഈ ഗുഹകളെല്ലാം പാറ മലകൾ തുരന്ന് ഉണ്ടാക്കിയിട്ടുള്ളതാണ്. ആദ്യത്തെ 5 ഗുഹകൾ ഹിന്ദു ദൈവങ്ങളായ ശിവന്റെയും യോഗേശ്വരന്റെയും പാർവ്വതിയുടെയും മറ്റ് പ്രതിമകളാണെങ്കിൽ ബാക്കി 2 ഗുഹകളിൽ ബുദ്ധന്റെ പ്രതിമകളാണ്. വളരെ ഭംഗിയോട് കൂടി ഉണ്ടാക്കിയ ഈ പ്രതിമകളിൽ ചിലത് പോർച്ചുഗീസ് ആക്രമണത്തിൽ തകർത്തിരുന്നു. Elephanta Caves ന്റെ ഭംഗി കാണേണ്ട ഒരു കാഴ്ച തന്നെയാണ്.

വൈകുന്നേരത്തോടു കൂടി ബോട്ടിൽ തിരിച്ച് Gate way of India യിലേക്ക് എത്തി. തുടർന്ന് താമസ സ്ഥലത്തേക്കും എത്തി ചേർന്നു. ബാങ്ക് ജോലി തിരക്കിനിടയിൽ അടുത്ത സ്ഥലം കാണാൻ പോകുന്ന സന്തോഷത്തിലായിരുന്നു ഞങ്ങൾ.

A I JAMES
BCOM, CAIIB,ICMA, ACS
GM Credit

ഇത്തരത്തിലുള്ള യാത്രകൾ നമ്മുടെ ശരീരത്തെയും മനസ്സിനെയും ശാന്തമാക്കും.
മലകൾ, കായലുകൾ, കടലോരങ്ങൾ, വെള്ളച്ചാട്ടങ്ങൾ, വന്യമൃഗ സങ്കേതങ്ങൾ, സാംസ്കാരിക പൈതൃക കേന്ദ്രങ്ങൾ, വൈവിധ്യമാർന്ന സംസ്കാരങ്ങൾ എന്നിവയാൽ സമ്പന്നമാണ് നമ്മുടെ ഭൂമി.
നിലവിൽ, നമ്മുടെ ബിസിനസ് കറസ്പോണ്ടന്റായ 'ബോചെ ടൂർസ് ആൻഡ് ട്രാവൽസ്' വഴി അന്താരാഷ്ട്ര (International), ആഭ്യന്തര (Domestic) യാത്രകൾ ഏറ്റവും മികച്ച രീതിയിൽ ആസൂത്രണം ചെയ്ത് നടത്തുന്നുണ്ട്.
ഈ മനോഹരമായ കാഴ്ചകൾ മിതമായ നിരക്കിൽ ആസ്വദിച്ചുകൊണ്ട് സന്ദർശിക്കുന്നതിനായി ബോച്ചെ ടൂർസ് & ട്രാവൽസ് പ്രൈവറ്റ് ലിമിറ്റഡിനെ (Boche Tours & Travels Pvt Ltd) സമീപിക്കുക.
Contact Number: 81570 23456, 81570 23457

BOCHE TOURS & TRAVELS

ഓർമകളുടെ ഓരത്ത്

സ്കൂൾ ജീവിതത്തിലെ ആദ്യദിനം... അതെന്തായാലും ആർക്കും മറക്കാൻ പറ്റാത്ത ദിവസമായിരിക്കും. നമ്മുടെ ഓർമ്മത്താളുകളിൽ എന്നും വജ്രം കണക്കെ തിളങ്ങി നിൽക്കുന്നതായിരിക്കും നമ്മുടെ സ്കൂൾ കാലം. അമ്പരപ്പും, ആശ്ചര്യവും, അങ്കലാപ്പുമൊക്കെ അടങ്ങിയ ആദ്യദിനത്തിന് തിളക്കം അല്പം കൂടുതലായിരിക്കും.

ഉമ്മ ജോലിക്ക് പോയിരുന്ന വീട്ടിലെ കുട്ടികൾ ഉപയോഗിച്ച് ഒഴിവാക്കിയ കീറിത്തുടങ്ങിയ ബാഗും, ഉപയോഗിച്ച് നിറം മങ്ങിയ ഉടുപ്പും ഒക്കെ ഇട്ടിട്ടാണെങ്കിലും എല്ലാവരെയും പോലെ തന്നെ അത്യധികം ഉത്സാഹത്തോടെയും, ഏറെ കൗതുകത്തോടെയുമാണ് ഞാനും ആദ്യദിവസം സ്കൂളിലെത്തിയത്. എന്നാൽ രണ്ടു വർഷത്തെ അംഗനവാടി എക്സ്പീരിയൻസ് ഉള്ളതുകൊണ്ട് കാര്യമായ ഭയമൊന്നും എന്നെ അലട്ടിയിരുന്നില്ല. അറിവിന്റെയും, അനുഭവങ്ങളുടെയും പുതു ലോകം ഒരുക്കി കാത്തിരിക്കുന്ന വർണാഭമായ ക്ലാസ്സ് റൂമിലേക്ക് ഞാനും വലതുകാൽ വെച്ച്കയറി.

ക്ലാസ്സിൽ കണ്ണടക്കുള്ളിലൂടെ പുറത്ത് ചാടിയ രണ്ട് ഉണ്ട കണ്ണുകൾ എന്നെ ആപാധചൂടം ഒന്ന് ചുഴിഞ്ഞു. മൂപ്പത്തിയാർക് നമ്മളെ വേഷോം, കോലോം ഒന്നും അത്ര ബോധിച്ചില്ലെന്ന് തോന്നുന്നു. എന്നാലും ഒരു മിഠായി ഒക്കെ സമ്മാനിച്ചു എന്നെ ബെഞ്ചിൽ കൊണ്ടിരുത്തി, എന്നിട്ട് ഫ്രീയായിട്ട് ഒരു ഉപദേശോം തന്നു. ആ ചുരുളൻ മുടി ഉമ്മാനോട് ഒന്ന് ഒതുക്കി കെട്ടി വച്ച് തരാൻ പറയണംന്ന്... ഞാൻ തലയാട്ടി, ടീച്ചർക്ക് അറിയില്ലല്ലോ എന്നെപ്പോലെ തന്നെ ഒരു അനുസരണയുമില്ലാത്തതാണ് എന്റെ മുടിയുംന്ന്. എത്ര ഒതുക്കി കെട്ടി വെച്ചാലും കുറച്ചു കഴിഞ്ഞാൽ എന്റെ മനസ്സ് പോലെ ഒരു അന്തോം കുന്തോം ഇല്ലാതെ എവിടേക്കോ പറക്കുന്നുണ്ടാകും. (പക്ഷേ ഇപ്പൊ അതിന്റെ സ്മാരകം മാത്രേ തലയിലുള്ളൂ)

എന്റെ അടുത്തിരുന്ന വെള്ളയിൽ നിറയെ കുഞ്ഞു കുഞ്ഞു വയലറ്റ് പൂക്കളുള്ള ഉടുപ്പ് അണിഞ്ഞിരുന്ന സുന്ദരി എനിക്ക് ഒരു തിളങ്ങുന്ന ചിരി സമ്മാനിച്ചു. അത്ര തിളക്കം ഇല്ലെങ്കിലും എന്റെ വരി തെറ്റിയ പല്ലുകൾ കാണിച്ച് ഞാനും തിരിച്ച് അവൾക്കൊരു ചിരി നൽകി. അന്നത്തെ കാലത്ത് ഗൾഫുകാർക്ക് മാത്രം സ്വന്തമായിരുന്ന നല്ല അത്തറിന്റെ മണം എൻറെ മൂക്കിൽ തുളച്ചു കയറി. പിന്നെ അവൾ ഒന്ന് അനങ്ങിയിരുന്ന്, നെറ്റിയിലേക്ക് മുറിച്ചിട്ട മുടിയൊന്ന് മാടി ഒതുക്കി മെല്ലെ അവളുടെ പുതു പുത്തൻ ബാഗിൽ നിന്നും എന്നെ കാണിക്കാൻ വേണ്ടി മാത്രം ഒരു സാധനം പുറത്തെടുത്തു. അത് കണ്ടതും അത്ഭുതം കൊണ്ട് എന്റെ ഉണ്ടക്കണ്ണുകൾ ഒന്നുകൂടി വിടർന്നു കൃഷ്ണമണി ഇപ്പോ ഊർന്ന് താഴേക്ക് വീഴും എന്ന അവസ്ഥയിലായി. നല്ല ചുവപ്പ് നിറത്തിലുള്ള ഒരു പെൻസിൽ ബോക്സ്, അതും കാറിൻറെ മോഡലിൽ! അതെടുത്ത് ബെഞ്ചിന്റെ മുകളിൽ വെച്ച് വീണ്ടും നെറ്റിയിലേക്ക് വീണ മുടി കൈ കൊണ്ട് മാറ്റി അവൾ എന്നെയൊന്ന് ഒളികണ്ണിട്ടു നോക്കി. കൗതുകം കൊണ്ട് വിടർന്ന കണ്ണുകളും, അടക്കാൻ മറന്നുപോയ വായയും കണ്ടപ്പോൾ അവൾക്കൊന്നുകൂടി ഉത്സാഹമായി. അവൾ അതെടുത്ത് മെല്ലെ ബെഞ്ചിലൂടെ ഉരുട്ടി. കാറു പോലെ ഉരുണ്ട് നീങ്ങുന്ന പെൻസിൽ ബോക്സിനെ അത്യധികം സ്വാദുള്ള ഒരു പലഹാരം എന്നപോൽ ഞാൻ കൊതിയോടെ നോക്കിയിരുന്നു.

തൊട്ടടുത്തിരുന്ന പൂച്ചക്കണ്ണിക്ക് ഞാൻ ഓളെ മൈൻഡ് ചെയ്യാതിരുന്നത് അത്ര ഇഷ്ടായില്ല. അവൾ എന്നെയും എന്റെ സിപ് ഇളകിയ ബാഗും നരച്ച ഉടുപ്പും ഒക്കെ പുച്ഛഭാവത്തിൽ ഒന്നു നോക്കി. അടുത്തിരിക്കുന്നവളെ തോണ്ടി 'അയ്യേ കീറിയ ബാഗ്' എന്നൊരു കമന്റ് പാസാക്കി. സങ്കടോം, അപമാനോം ഒക്കെ കൊണ്ട് എന്റെ മുഖം താഴ്ന്നു. എന്നിലെ ആത്മാഭിമാനത്തെ അവൾ വ്രണപ്പെടുത്തിയിരിക്കുന്നു. ഹും! പാവപ്പെട്ടവരെ പുച്ഛിക്കുന്നോ? 'അന്റുപ്പാക്ക് സുഖയില്ലാത്തൊണ്ടാ അനക്ക് പുതിയ ബാഗും കുപ്പായോം ഒന്നും മേടിച്ചെരാൻ കയ്യാഞ്ഞേ, ഉപ്പാക്ക് സുഖായാൽ അൻകും പുതിയ ബാഗ് മേടിച്ചേരുന്ന് ഉമ്മ പറഞ്ഞിനല്ലോ. 'നമ്മൾ പാവക്കാര, ഇങ്ങൾ ബല്യ കോപ്ക്കാര്'.... (എന്റിക്കാക്ക ഇന്നും എന്നെ പറഞ്ഞ് കളിയാക്കുന്ന എന്റെ അന്നത്തെ മാസ്സ് ഡയലോഗ്) നല്ല മാസ് ഡയലോഗ് അടിച്ച സംതൃപ്തിയിൽ ഞാൻ ഇരുന്നു. മെല്ലെ ബിന്ദു പണിക്കർ സ്റ്റൈലിൽ ഞാൻ അവളെ ഒന്ന് കണ്ണെറിഞ്ഞു നോക്കി. ഡയലോഗ് ഏറ്റു. അവളുടെ മുഖത്തെ ചിരി മാഞ്ഞു. പകരമാ കുഞ്ഞു മുഖത്ത് കുറ്റബോധം! അത് കണ്ടപ്പോൾ എനിക്ക് സംതൃപ്തിയായി. അതും പറഞ്ഞു വീണ്ടും ഞാൻ എന്റെ പേരറിയാത്ത കൂട്ടുകാരിയെ നോക്കിയപ്പോൾ അതാ അവളുടെ മുഖത്തും സഹതാപം. 'ഇൻക് ബേണ ഇങ്ങൻത്തെ ബോക്സ്?' അത്ഭുതം കൊണ്ട് സംസാര ശേഷി നഷ്ടപ്പെട്ട ഞാൻ വേണമെന്ന് തലയാട്ടി... 'അന്റുപ്പ എനി വരുമ്പോ ഇങ്ങൻതൊന്ന് ഞാൻ ഇൻകും കൊണ്ടത്തരാൻ പറയുഅല്ലോ'... എനിക്ക് ആ ബോക്സ് സ്വന്തമായി കിട്ടിയ അനുഭൂതിയായിരുന്നു ആ വാക്കുകൾ സമ്മാനിച്ചത്... (പിന്നീട് ആ സ്കൂളിൽ നിന്ന് പോകും വരെ അവൾ എനിക് അത്തരമൊരു ബോക്സ് കൊണ്ടുതന്നില്ലെങ്കിലും ആ ഒരൊറ്റ വാക്കിലൂടെ അന്ന് അവൾ നൽകിയ സന്തോഷം പറഞ്ഞറിയിക്കാൻ വയ്യാത്തതായിരുന്നു. ഇന്ന് എന്റെ മോൻ ഫോണിൽ കണ്ട് അത്തരമൊന്ന് വേണമെന്ന് ആവശ്യപ്പെട്ടപ്പോൾ ഞാൻ മറുത്തൊന്നും പറയാതെ അവന് അത് വാങ്ങിച്ചു കൊടുത്ത് നിർവൃതി അടഞ്ഞതും അത് കൊണ്ട് തന്നെ). ഞാൻ അവളെ നോക്കി ഒന്ന് കൂടി നിറഞ്ഞു ചിരിച്ചു. അവളെനിക്ക് തിരിച്ച് നുണക്കുഴി ചിരി സമ്മാനിച്ചുകൊണ്ട് ആ ബോക്സ് എൻറെ കയ്യിൽ തന്നു. ഒന്നോടിച്ച് നോക്കാൻ... അതോടെ പരസ്പരം പേരുപോലും ചോദിക്കാതെ ഞങ്ങൾ ഔദ്യോഗികമായി സുഹൃത്തുക്കളായി....

ലേഖ ടീച്ചറുടെ ഉണ്ടക്കണ്ണിനെക്കുറിച്ചും, കളിയാക്കിയവരെ മാസ് ഡയലോഗ് അടിച്ചു നിലംപരിശാക്കിയതിനെക്കുറിച്ചും, എനിക്ക് കിട്ടാൻ പോകുന്ന പെൻസിൽ ബോക്സിനെ കുറിച്ചും അങ്ങനെ ആദ്യ ദിവസം തന്നെ ഉമ്മാനോടും ഇക്കാക്കാനോടും പറയാനായി കൈ നിറയെ വിശേഷങ്ങളുമായിട്ടായിരുന്നു അന്ന് ഞാൻ സ്കൂൾ വിട്ടപ്പോൾ ഇത്താത്താന്റെ കയ്യും പിടിച്ച് വീട്ടിലേക്ക് പോയത്...



JASEELA SHUMAIS
RO Group loan
Thalassery

TOP PERFORMERS - BUSINESS CORRESPONDENT (BC) SEPTEMBER 2026

PERSONAL LOAN & LOAN AGAINST PROPERTY

DHANEESH MURALI

BIPIN RAJ C R

VIPIN KUMAR M

CAR LOAN

MANESH

GOHUL P BIJU

NITHEESH

DEPOSIT PRODUCTS TOP PERFORMERS FOR SEPTEMBER 2026 ASSIST TO MEMBER (AM)

GEETHA M V

PRASANTH BOSE

RAKESH BALAKRISHNAN

KRISHNAN M K

DEPOSIT PRODUCTS ACHIEVERS FOR SEPTEMBER 2026 (MALANKARA STAFF)

SAJITHA M D
BDM
HEAD OFFICE

PREETHA G D
AREA MANAGER

SINDHU R B
BRANCH MANAGER
SREEKARYAM CFC

നിങ്ങൾക്കും സമ്മാനം നേടാൻ അവസരം

നിങ്ങളുടെ സാഹിത്യ അഭിരുചികൾ വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി മലങ്കര ക്രെഡിറ്റ് സൊസൈറ്റി മാസം തോറും പ്രസിദ്ധീകരിക്കുന്ന ഇ മാഗസിൻ അവസരം ഒരുക്കുന്നു. നിങ്ങളുടെ കലാസൃഷ്ടികൾ 90725 97827 എന്ന നമ്പറിലേക്ക് നിങ്ങളുടെ മുഴുവൻ പേരും ഫോട്ടോയും സ്ഥലവും സഹിതം വാട്സാപ്പ് ചെയ്യൂ അല്ലെങ്കിൽ designer@mmsccs.com ലേക്ക് ഇമെയിൽ ചെയ്യൂ. മാഗസിനിൽ മാസം തോറും പ്രസിദ്ധീകരിക്കുന്ന മൂന്ന് കലാസൃഷ്ടികൾക്ക് നറുക്കെടുപ്പിലൂടെ സമ്മാനം നൽകുന്നതായിരിക്കും.

എല്ലാവർക്കും കലാസൃഷ്ടികൾ അയക്കാവുന്നതാണ്.

ഇ മാഗസിൻ കഴിഞ്ഞ ലക്കത്തിൽ പ്രസിദ്ധീകരിച്ച കൃതികളിൽ നിന്നും നറുക്കെടുപ്പിലൂടെ സമ്മാനർഹരായവർ

SANVIYA R S
D/o Reshma
Thalassery

DAVID VARGHESE PREM
S/o Prem Thomas varghese
Thiruvananthapuram

NIVIN JUSTIN
S/o Lisna
Thrissur